പ്രദേശങ്ങൾ ഭൂചലന സാദ്ധ്യതയുള്ളതും ഭൂകമ്പം ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന ഒരു സ്ഥലമാണെന്നുള്ളതും പരിഗണിച്ചാണ് അന്ന് ഇത് അനുവദിച്ചിരുന്നത്. വടക്കാഞ്ചേരി പഞ്ചായത്ത് ഇപ്പോൾ സ്ഥലവും സൗകര്യങ്ങളും ലഭ്യമാക്കാമെന്ന് ഉറപ്പു നല്കിയതിന്റെ അടിസ്ഥാനത്തിൽ ഈ ഫയർ സ്റ്റേഷൻ എത്രയും പെട്ടെന്ന് ആരംഭിക്കുവാൻ നടപടികളുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, 1998-ൽത്തന്നെ സ്ഥലം കൊടുത്തിരുന്നുവെങ്കിൽ ഇത് അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്നു പറഞ്ഞിരുന്നതാണ്. പക്ഷേ പഞ്ചായത്ത് ഇതുവരെ സ്ഥലം കൊടുത്തില്ല. ഇപ്പോഴും ഉറപ്പു നല്കി എന്നാണ് പറയുന്നത്. ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യംതന്നെ ഫൈനാൻസിലേക്ക് അയച്ചപ്പോൾ സ്ഥലം വകുപ്പിന് ലഭ്യമായോ എന്നും, എങ്കിൽ കെട്ടിടം പണി പൂർത്തിയായോ എന്നും ധനകാര്യ വകുപ്പു ചോദിച്ചിരിക്കുകയാണ്. ഒരു വാടക കെട്ടിടത്തിലാണെങ്കിൽപ്പോലും, സ്ഥലവും കെട്ടിടവും പഞ്ചായത്ത് അറേഞ്ച് ചെയ്താൽ ഈ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് അടിയന്തിരമായി പരിഗണിക്കും.

(28) ചാലക്കുടി ഗവൺമെന്റ് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ചാലക്കുടി നഗരത്തിന്റെ ഹൃദയ ഭാഗത്തായിട്ടാണ് ചാലക്കുടി ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ സ്ഥിതിചെയ്യുന്നത്. ഒരുപക്ഷേ എൻ.എച്ച്-47-ൽ തൃശ്ശൂർ ഡിസ്ട്രിക്ടിലെ ഒരേയൊരു ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലും ഇതായിരിക്കും. പോട്ടയ്ക്കും കറുകുറ്റിക്കും ഇടയ്ക്കുള്ള എൻ.എച്ച്.-47 അപകട മേഖലയാണെന്നുള്ള മുന്നറിയിപ്പ് പൊതുമരാമത്തു വകുപ്പിൽനിന്നും പ്രത്യേകമായി നല്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തിരമായി ചാലക്കുടി ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, റോഡ് സേഫ്റ്റിയുടെ ഭാഗമായി ദേശീയപാതയുടെ സമീപത്തുള്ള താലൂക്കാശുപത്രി ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ട്രോമാ കെയർ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് 3353 ലക്ഷം രൂപയുടെ പദ്ധതിക്കുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. തീർച്ചയായും ചാലക്കുടിയിലെ ആശുപത്രിയും ഇതിൽ ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly